# കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപറേഷൻ



**KSBCDC**
KERALA STATE BACKWARD CLASSES DEVELOPMENT CORPORATION
(A Government of Kerala undertaking)

KSBCDC

KERALA STATE BACKWARD CLASSES DEVELOPMENT CORPORATION

(A Government of Kerala undertaking)

കേരളത്തിലെ മറ്റു പിന്നോക്ക / മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് 1995 ൽ കേരള സർക്കാർ ഉടമസ്ഥതയിൽ രൂപീകൃതമായ സ്ഥാപനമാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും നടപ്പിലാക്കിവരുന്ന വൈവിദ്ധ്യമാർന്ന വായ്പാ പദ്ധതികളാണ് കോർപ്പറേഷന്റെ പ്രധാന സവിശേഷത. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ ദേശീയ ഏജൻസികളുടെ വായ്പാ പദ്ധതികളുടെ കേരളത്തിലെ നിർവ്വഹണ ഏജൻസിയാണ് കെ.എസ്.ബി.സി.ഡി.സി. ഈ ഏജൻസികളുടെ സ്വയം തൊഴിൽ/വിദ്യാഭ്യാസം/മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾ കെ.എസ്.ബി.സി.ഡി.സി. നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ പെൺകുട്ടികളുടെ വിവാഹം, ഗൃഹനിർമ്മാണം, ഗൃഹപുനരുദ്ധാരണം തുടങ്ങി വിവിധ ആവശ്യങ്ങൾക്ക് ഉതകുന്ന ഒട്ടേറെ വായ്പാ പദ്ധതികളും കെ.എസ്.ബി.സി.ഡി.സി. നടപ്പിലാക്കി വരുന്നു. വായ്പാ വിതരണം, തിരിച്ചടവ്, ഗുണഭോക്തൃ സേവനം എന്നീ മേഖലകളിൽ പ്രവർത്തന മികവിന് നിരവധി ദേശീയ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. വായ്പാ പദ്ധതികൾക്ക് പുറമേ തൊഴിലധിഷ്ഠിത പരിശീലനം, വിപണനമേളകൾ (BCDC EXPO) തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടത്തി വരുന്നു. കെ.എസ്.ബി.സി.ഡി.സി. നടപ്പിലാക്കിവരുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

# സ്വയം തൊഴിൽ / ബിസിനസ്സ് വായ്പാ പദ്ധതി

പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒ.ബി.സി./മതന്യൂന പക്ഷ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കൈത്താങ്ങാകുന്ന പദ്ധതി ആണ് സ്വയം തൊഴിൽ വായ്പാ പദ്ധതി. വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കുന്നതാണ്. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. പരമാവധി വായ്പാ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.




| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| ഒ.ബി.സി. വിഭാഗത്തിനായുള്ള സ്വയം തൊഴിൽ പദ്ധതി (3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപവരെ 6%<br>5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ 7%<br>10 ലക്ഷത്തിന് മുകളിൽ 8% |
| ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ആയുള്ള ന്യൂസ്വർണ്ണിമ പദ്ധതി (3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള സ്വയം തൊഴിൽ പദ്ധതി-1 (ഗ്രാമങ്ങളിൽ 98,000/ രൂപയിലും, നഗരങ്ങളിൽ 1,20,000/ രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി-2 (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | സ്ത്രീകൾ 6%<br>പുരുഷൻമാർ 8% |

# റീട്ടേൺ

വിദേശത്ത് നിന്നും മടങ്ങിയെത്തി നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് വായ്പാ സഹായം നൽകുന്ന പദ്ധതിയാണ് റീടേൺ. നോർക്കാ റൂട്ട്സുമായി ചേർന്നാണ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കുന്നതാണ്. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പയായി അനുവദിക്കും. ബാക്കിതുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. 18 നും 65 നും മദ്ധ്യേ പ്രായമുള്ളവരും പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസക്കാരുമായ സംരംഭകർക്കാണ് വായ്പ അനുവദിക്കുന്നത്.

- നോർക്കാ റൂട്ട്സ് അനുവദിക്കുന്ന മൂലധന സബ്സിഡി പദ്ധതി അടങ്കലിന്റെ 15% (പരമാവധി 3 ലക്ഷം രൂപ).
- നോർക്കാ റൂട്ട്സ് അനുവദിക്കുന്ന പലിശ സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ നാല് വർഷങ്ങളിൽ 3% നിരക്കിൽ (കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്നവർക്ക് മാത്രം).



**പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| പദ്ധതി | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| ഒ.ബി.സി. വിഭാഗത്തിനുള്ള പദ്ധതി | 30 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ 7%, 10 ലക്ഷത്തിന് മുകളിൽ 8% |
| മതന്യൂനപക്ഷ വിഭാഗം പദ്ധതി-1 (ഗ്രാമങ്ങളിൽ 98,000/ രൂപയിലും, നഗരങ്ങളിൽ 1,20,000/ രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | 6% |
| മതന്യൂനപക്ഷ വിഭാഗം പദ്ധതി-2 (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | സ്ത്രീകൾ 6% , പുരുഷൻമാർ 8% |

# സ്റ്റാർട്ട് അപ്

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് അവരുടെ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാന ദായകമായ സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ട്അപ്. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കുന്നതാണ്. 3 ലക്ഷം രൂപയാണ് അപേക്ഷകന്റെ വാർഷിക വരുമാന പരിധി. അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദതല പ്രൊഫഷണൽ കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എസ്.എം.എസ്., ബി.ടെക്, ബി.എച്ച്.എം.എസ്., ബിആർക്ക്, വെറ്റിനറി സയൻസ്, ബി.എസ്.സി. അഗ്രികൾച്ചർ, ബി.ഫാം, ബയോടെക്നോളജി, ബി.സി.എ., എൽ.എൽ.ബി., ഫുഡ് ടെക്നോളജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. ഈ പദ്ധതി പ്രകാരം മെഡിക്കൽ / ആയുർവേദ / ഹോമിയോ / സിദ്ധ / ദന്തൽ ക്ളിനിക്ക്, വെറ്റിനറി ക്ളിനിക്ക്, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ആർക്കിടെക്ച്ചറൽ കൺസട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നെസ്സ് സെന്റർ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രോഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്ന



തിനും വായ്പാ ഫാം, വീഡിയോ പ്രോഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

**പ്രത്യേക ആനുകൂല്യങ്ങൾ**

- പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ). ടി തുക അപേക്ഷകന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടിവരുന്നത്.

| പദ്ധതി | പരമാവധി വായ്പാ തുക | പലിശ നിരക്ക് | പ്രായ പരിധി |
|---|---|---|---|
| ഒ.ബി.സി. വിഭാഗത്തിനു വേണ്ടിയുള്ള വായ്പാ പദ്ധതി | 20 ലക്ഷം രൂപ | 5 ലക്ഷം രൂപവരെ 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ 7%<br>10 ലക്ഷത്തിന് മുകളിൽ 8% | 18നും 40നും മദ്ധ്യേ |

# നിലവിലുള്ള സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതികൾ
# പ്രവർത്തന മൂലധന/ബിസിനസ്സ് ഡവലപ്മെന്റ് വായ്പ

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പകൾക്ക് പുറമേ നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ എന്നീ പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്തവർക്ക് വായ്പയുടെ തിരിച്ചടവിന് ശേഷം ബിസിനസ്സ് വികസിപ്പിക്കുന്നതിനായി പ്രവർത്തന മൂലധന വായ്പയും ഇത് കൂടാതെ നിലവിലുള്ള ഇടത്തരം സംരംഭങ്ങൾ വിപുലീകരിക്കുന്നതിന് ബിസിനസ്സ് ഡെവലപ്മെന്റ് വായ്പയും ലഭ്യമാകുന്നതാണ്.




| പദ്ധതി | പരമാവധി വായ്പാ തുക | പലിശ നിരക്ക് | വാർഷിക വരുമാന പരിധി |
|---|---|---|---|
| പ്രവർത്തന മൂലധന വായ്പ (കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത സംരംഭകർക്ക് മാത്രം) | 3 ലക്ഷം രൂപ | 7 % | 3 ലക്ഷം രൂപയിൽ താഴെ |
| ബിസിനസ് ഡെവലപ്മെന്റ് വായ്പ (നിലവിലുള്ള ചെറുകിട ഇടത്തരം സംരംഭം വിപുലീകരിക്കുന്നതിന്) | 5 ലക്ഷം രൂപ | 8 % | 8 ലക്ഷം രൂപയിൽ താഴെ |

# വിദ്യാഭ്യാസ പദ്ധതികൾ

മാനവശേഷി വികസനത്തിന്റെ ഏറ്റവും വലിയ നാഴികകല്ലാണ് വിദ്യാഭ്യാസ ഉന്നമനം. ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ഉന്നമനവും, പുരോഗതിയും ലക്ഷ്യമാക്കി കോർപ്പറേഷൻ NBCFDC, NMDFC ഫണ്ടുപയോഗിച്ചും, കെ.എസ്.ബി.സി.ഡി.സി.യുടെ സ്വന്തം ഫണ്ടുപയോഗിച്ചുമുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികൾ പ്രകാരം ഗവ. അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ/ ബിരുദ/ബിരുദാനന്തര/ഡിപ്ളോമ/ഡിഗ്രി/ തൊഴിൽ സാദ്ധ്യതയുള്ള മറ്റു കോഴ്സുകൾ എന്നിവ ഇന്ത്യയിലും, വിദേശത്തും പഠിക്കുന്നതിനായുള്ള വായ്പലഭിക്കുന്നതാണ്. വളരെ കുറഞ്ഞ പലിശ നിരക്കിലാണ് വായ്പ നൽകുന്നത്. കോഴ്സ് പൂർത്തിയാക്കി 6 മാസത്തിനു ശേഷം അല്ലെങ്കിൽ ജോലി ലഭിച്ച് 3 മാസത്തിനു ശേഷം മാത്രമാണ് തിരിച്ചടവ് ആരംഭിക്കുന്നത്.

പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു



| പദ്ധതി | പരമാവധി വായ്പാ തുക | പലിശ നിരക്ക് | വാർഷിക വരുമാന പരിധി |
|---|---|---|---|
| ഒ.ബി.സി. വിഭാഗത്തിനായുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി (ഗവ. അംഗീകൃത പ്രൊഫഷണൽ/ ടെക്നിക്കൽ ബിരുദ ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്ക്) | ഇന്ത്യയിൽ പഠിക്കുന്നതിന് 15 ലക്ഷം രൂപ, പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിൽ വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ, പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ | പെൺകുട്ടികൾക്ക് 3.5% ആൺകുട്ടികൾക്ക് 4 % | 3 ലക്ഷം രൂപ |
| മതന്യൂനപക്ഷ വിഭാഗ ങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പ (ഗവ. അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ ഡിപ്ളോമ / ഡിഗ്രി ബിരുദ ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്ക്) പദ്ധതി-1 | ഇന്ത്യയിൽ പഠിക്കുന്നതിന് 15 ലക്ഷം രൂപ, (പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിൽ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ, (പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ) | 3% | (ഗ്രാമങ്ങളിൽ 98,000/ രൂപയിലും, നഗരങ്ങളിൽ 1,20,000/ രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) |

| | | | |
|---|---|---|---|
| മതന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ വായ്പ (ഗവ. അംഗീകൃത പ്രൊഫഷണൽ /ടെക്നിക്കൽ ഡിപ്ളോമ/ ഡിഗ്രി കോഴ്സിന് പഠിക്കുന്നവർക്ക്) പദ്ധതി- 2 | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ, പ്രതിവർഷം 4 ലക്ഷംരൂപ നിരക്കിൽ<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ, (പ്രതിവർഷം 6 ലക്ഷംരൂപ നിരക്കിൽ) | പെൺകുട്ടികൾക്ക് 5%<br>ആൺകുട്ടികൾക്ക് 8% | |
| വിദ്യാശ്രീ വായ്പ (ദേശീയ ഏജൻസികളുടെ പദ്ധതി പ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത തൊഴിൽ സാധ്യതുള്ളകോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്). | 3 ലക്ഷം രൂപ<br>(പ്രതിവർഷം 1.5 ലക്ഷം രൂപ നിരക്കിൽ) | 6% | 3 ലക്ഷം രൂപ |

# മൈക്രോ ക്രെഡിറ്റ് പദ്ധതികൾ



സമൂഹത്തിലെ സാമ്പത്തികമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കോർപ്പറേഷന്റെ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ്. പദ്ധതി പ്രകാരം, NGO/കുടുംബശ്രീ CDS കൾ എന്നിവ വഴി വ്യക്തിഗത കരാറില്ലാതെ ചെറിയ തുക വായ്പയായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. വ്യക്തികൾക്കോ, കൂട്ടമായോ വരുമാന ദായകമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കാവുന്നതാണ്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | പരമാവധി വായ്പാ തുക | പലിശ നിരക്ക് | വാർഷിക വരുമാന പരിധി |
|---|---|---|---|
| NBCFDC മൈക്രോക്രെഡിറ്റ് | NGO / CDS 3 കോടി രൂപ<br>SHG 15 ലക്ഷം രൂപ<br>JLG 5 ലക്ഷം /വ്യക്തിക്ക് 1ലക്ഷം രൂപ | NGO/CDS 4%<br>വ്യക്തികൾക്ക് 5% | 3 ലക്ഷം രൂപ |
| മഹിളാ സമൃദ്ധിയോജന (NBCFDC) | CDS 3 കോടി, SHG 15 ലക്ഷം<br>JLG 5 ലക്ഷം, വ്യക്തിക്ക് 1 ലക്ഷംരൂപ | NGO/CDS 3%<br>വ്യക്തികൾക്ക് 4% | 3 ലക്ഷം രൂപ |
| NMDFC മൈക്രോ ക്രെഡിറ്റ് | NGO / CDS 3 കോടി രൂപ<br>SHG 15 ലക്ഷം രൂപ<br>JLG 5 ലക്ഷം /വ്യക്തിക്ക് 1ലക്ഷം രൂപ | NGO/CDS 4%<br>വ്യക്തികൾക്ക് 5% | (ഗ്രാമങ്ങളിൽ 98,000/ രൂപയിലും, നഗരങ്ങളിൽ 1,20,000/രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) |
| NSKFDC മഹിളാ സമൃദ്ധി യോജന | CDS 3 കോടി<br>SHG 10 ലക്ഷം, വ്യക്തിക്ക് 1 ലക്ഷം രൂപ | CDS 3%<br>വ്യക്തികൾക്ക് 4% | വരുമാനപരിധി ബാധകമല്ല |

# ‘എന്റെ വീട്’ ഭവന നിർമ്മാണ വായ്പാ പദ്ധതി

എല്ലാ മലയാളിയും നെഞ്ചിലേറ്റുന്ന സ്വന്തമായൊരു ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി കെ.എസ്.ബി.സി.ഡി.സി. ആവിഷ്കരിച്ചു നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് എന്റെ വീട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവന രഹിതർക്ക് വായ്പ ലഭ്യമാകും. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 വിഭാഗമായി തിരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.



| വാർഷിക വരുമാന പരിധി | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | പ്രായ പരിധി |
|---|---|---|---|---|
| 1,20,000/ രൂപ വരെ | 5 ലക്ഷം രൂപ | 6.5% | 15 വർഷം വരെ | 18 - 55 |
| 1,20,000/ രൂപ മുതൽ 3,00,000/ രൂപ വരെ | 10 ലക്ഷം രൂപ | 7% | 15 വർഷം വരെ | 18 - 55 |

# സ്വസ്ഥഗൃഹ വായ്പാ പദ്ധതി

പുതുതായി ഭവനം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള വീട് ഭവന നിർമ്മാണ പദ്ധതി കൂടാതെ നിലവിലുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി സ്വസ്ഥ ഗൃഹ വായ്പാ പദ്ധതിയും കോർപ്പറേഷൻ നടപ്പാക്കി വരുന്നു.

- പരമാവധി വായ്പാ തുക 5 ലക്ഷം രൂപ
- പലിശ നിരക്ക് 9%
- തിരിച്ചടവ് കാലാവധി 72 മാസം വരെ
- പ്രായപരിധി 18 - 55
- വാർഷിക വരുമാന പരിധി 15 ലക്ഷം രൂപയിൽ താഴെ

# വിവിധോദ്ദേശ വായ്പാ പദ്ധതികൾ

ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വൈവിദ്ധ്യമാർന്ന ഏതൊരാവശ്യവും നിലവേറ്റുന്നതിന് സഹായകമായ 2 വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

# വാഹന വായ്പ


ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗത്തിലെ ഇടത്തരം വരുമാനക്കാർക്ക് സ്വന്തമായി ഒരു വാഹനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി വാഹന വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

- പരമാവധി തുക 8 ലക്ഷം രൂപ
- പലിശ നിരക്ക് 8%
- തിരിച്ചടവ് കാലാവധി 84 മാസം വരെ
- പ്രായപരിധി 18 നും 55 നും മദ്ധ്യേ
- വാർഷിക വരുമാന പരിധി 15 ലക്ഷം രൂപയിൽ താഴെ

# വിവാഹ ധനസഹായ വായ്പ

ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹം നടത്തുന്നതിന് കൈത്താങ്ങാകുന്ന പദ്ധതിയാണ് വിവാഹ ധനസഹായ വായ്പ.

- പരമാവധി തുക 2 ലക്ഷം രൂപ
- പലിശ നിരക്ക് 6
- പെൺകുട്ടി / പെൺകുട്ടിയുടെ മാതാപിതാക്കൾ (പരമാവധി 60 വയസ്സ്), അതേ റേഷൻ കാർഡിൽ ഉൾപ്പെട്ട സഹോദരങ്ങൾ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.
- തിരിച്ചടവ് കാലാവധി പരമാവധി 60 മാസം
- വാർഷിക വരുമാനപരിധി 3 ലക്ഷം രൂപ



## സുവർണ്ണശ്രീ വായ്പാ പദ്ധതി

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകമായ പദ്ധതിയാണ് സുവർണ്ണശ്രീ.

- പരമാവധി തുക 3 ലക്ഷം രൂപ
- പലിശ നിരക്ക് 8%
- തിരിച്ചടവ് കാലാവധി 72 മാസം
- പ്രായപരിധി 18 നും 55 നും മദ്ധ്യേ
- വാർഷിക വരുമാനപരിധി 3 ലക്ഷം രൂപ.

## വ്യക്തിഗത വായ്പ

ഇടത്തരം വരുമാനക്കാരായ ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിന് വ്യക്തിഗത വായ്പ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

- പരമാവധി തുക 5 ലക്ഷം രൂപ
- പലിശ നിരക്ക് 9.5%
- തിരിച്ചടവ് കാലാവധി 72 മാസം
- പ്രായപരിധി 18 നും 55 നും മദ്ധ്യേ
- വാർഷിക വരുമാന പരിധി 15 ലക്ഷം രൂപയിൽ താഴെ

